بسم الله الرحمن الرحيم

# Friday Sermon / വെള്ളിയാഴ്ച ഖുത്തുബ 22/07/2016

## (17 SHAWWAL 1437 HIJRI)

## Hazrat Khalifathullah Munir Ahmad Azim (A)

### "TIME, ISLAM & CLEANLINESS / ശുചിത്വം, സമയം ഇസ്ലാമിൽ"

സലാമിനു ശേഷം, ഹസ്രത് മുഹ്‌യിദ്ദീൻ (അ) തശഹ്‌ഹുദ്, തഅവ്വുദ്, സൂറഃഅൽഫാത്തിഹായ്ക്ക് ശേഷം ശുചിത്വം, സമയം, ഇസ്ലാമിൽ എന്ന വിഷയത്തെ ആസ്പദമാക്കി സംസാരിച്ചു. തീർച്ചയായും നമ്മുടെ ആഗോള താൽക്കാലിക ജീവിതത്തിലെ ഏറ്റവും വിലയുള്ള ഘടകമാണ് സമയം. അല്ലാഹു (ത) നമുക്ക് ഓരോരു ത്തർക്കും നൽകിയ ഒരു നിധിയായി അത് നിലകൊള്ളുന്നു. വാസ്തവത്തിൽ ഇത് പറയാതെ ഒരു ദിനവും ആരംഭിക്കുന്നില്ല. **"ഹേ ആദം സന്തതി ! ഞാനൊരു പുതിയ സൃഷ്ടിയാണ്. നിങ്ങളുടെ പ്രവർത്തനങ്ങൾക്ക് ഞാനൊരു സാക്ഷിയാണ്. എന്നെ ഉപയോഗിക്കുക. കാരണം പുനരുത്ഥാന ദിനം വരേക്കും ഞാൻ മടങ്ങി വരുന്നതല്ല"** മറ്റൊരു വാക്കിൽ പറഞ്ഞാൽ സമയം, ഒന്നുകൂടി തെളിച്ചു പറഞ്ഞാൽ ദിവസങ്ങളാണ്. ഈ ലോകത്ത് നാം ജീവിക്കുന്ന ഓരോ ദിവസവുമാണ്. ഇത് അല്ലാഹു (ത) നമുക്കായി തന്നിരിക്കുകയാണ്. അവൻ നമ്മുടെ മേൽ ചുമത്തിയ ഭാരിച്ച ഉത്തരവാദിത്വങ്ങൾ നിറവേറ്റാനായി, ആ ഭാരിച്ച ജോലികൾ നാം തീർച്ചയായും പൂർത്തിയാക്കേണ്ടതായിട്ടുണ്ട്. അത് നമുക്കായി നിശ്ചയിച്ചിരിക്കുകയാണ്. ഈ ലോകത്തും നാളെ പരലോകത്തും നാം വിജയിക്കുന്നത് അതിലൂടെയാണ്. നമ്മുടെ കൂടുതൽ സമയവും ഫലപ്രദമായി വിനിയോഗിക്കുവാൻ, 5 രീതിയിലുള്ള ദിവസങ്ങൾ ഉണ്ടെന്ന് നാം അറിയണം. 1. നഷ്ടപ്പെട്ട ദിനം 2. നാം നേരിട്ടു കൊണ്ടിരിക്കുന്ന ദിനം. 3. വാഗ്ദത്ത ദിനം. 4. വരാനിരിക്കുന്ന ദിനം. 5. നീട്ടിക്കൊടുത്ത ദിനം. ഒന്നാമത്തെ ദിനം ഒരു നേട്ടവും ഇല്ലാതെ കഴിഞ്ഞു പോയതാണ്. ഏറ്റവും വ്യസനകരമായ ദിനമാണ് രണ്ടാമത്തേത്. ആ ദിനത്തിൽ അവൻ തെറ്റുകൾ ചെയ്യുന്നു. അതിന്റെ ഫലം അവൻ കൊയ്യുന്നു. അത് വളരെ മോശമായത് തന്നെ മൂന്നാമത്തെ ദിനം അന്ത്യദിനമാണ്. അവന്റെ മരണത്തോടെ കണ്ടുമുട്ടുന്ന ദിനമാണത്, ആ ദിനത്തിൽ കണക്കുകൾ സമർപ്പിക്കേണ്ടി വരും. നാലാം ദിനം പുനരുത്ഥാന ദിനമാണ്. കഴിഞ്ഞ ദിവസങ്ങൾക്കിടയിൽ നഷ്ടപ്പെട്ടുപോയ സമയത്തെ നീട്ടി കൊടുക്കപ്പെട്ട ദിനമാണ് 5-ാമത്തേത് ! ഈ ദിവസങ്ങളെക്കുറിച്ച് ആഴത്തിൽ ചിന്തിച്ചാൽ, സമയത്തിന്റെ വിലയുടെ ആഴം, വിശ്വാസികൾക്ക് ഗ്രഹിക്കുവാൻ കഴിയുന്നതാണ്. സ്വബോധമുള്ള ഒരാൾ ഒരിക്കലും സമയം നഷ്ടപ്പെടുത്തുകയില്ല, അറിഞ്ഞുകൊണ്ട്, ബോധപൂർവ്വം അത് നഷ്ടപ്പെടുത്തുകയില്ല. അവനത് എങ്ങനെയാണ് സാധിക്കുന്നത് ? കാരണം അല്ലാഹു (ത) സമയത്തെക്കൊണ്ട് സത്യം ചെയ്ത് പറയുമ്പോൾ ? **"കാലത്തെ / സമയത്തെക്കൊണ്ട് സത്യം. മനുഷ്യൻ നഷ്ടത്തിൽ തന്നെയാണ്. സത്യത്തിൽ വിശ്വസിക്കുകയും സൽകർമ്മങ്ങൾ അനുഷ്ഠിക്കുകയും സത്യം സ്വീകരിക്കുവാനും സ്ഥിരചിത്തത കൈക്കൊള്ളാനും പരസ്പരം ഉപദേശിക്കുകയും ചെയ്യുന്നവരൊഴികെ."** (103:2-4) ഓരോ ദിവസവും അവന്റെ, ജീവിതം കടന്നു പൊയ്ക്കോണ്ടിരിക്കുകയാണ് എന്ന് ഓരോ വിശ്വാസിയും മനസ്സിലാക്കണം. ആ ദിനത്തെ അവൻ പിന്നീട് ഒരിക്കലും കണ്ടു മുട്ടുകയില്ല, പുനരുത്ഥാന ദിനത്തിലല്ലാതെ ! ദിവസത്തെ ചുരുക്കിക്കൊണ്ടിരിക്കുകയാണ് സമയം. കാര്യം ഇങ്ങനെയാണെങ്കിലും ജനങ്ങൾക്ക് സമയത്തെ നഷ്ടപ്പെടുത്തുവാൻ ധാരാളം സമയമുണ്ട്! ഇതിന്റെ കാഠിന്യം ബോധ്യമാകാതെ ജനങ്ങൾ, സമയത്തെ കൊല്ലുകയാണ്. **അനേകർ, ടി.വി. കാണുന്നതിനായി, കമ്പ്യൂട്ടറുകളുടെ മുൻപിൽ, മൊബൈൽ ഫോണുകളിൽ, തെരുവിൽ വെറുതെയിരിക്കുന്നവർ, മുറുക്കാൻ കടകളിൽ സമയം ചെലവഴിക്കുന്നവർ, വഴിയെ പോകുന്നവരെ നോക്കിയിരിക്കുന്നവർ, സ്വകാര്യ കാര്യത്തിൽ കൈകടത്തുന്നവർ, സമയവും ധനവും ചൂത് കളികളിൽ ചെലവഴിക്കുന്നവർ, ജലക്രീഡകളിൽ, ഫുഡ്ബോൾ കളിയിൽ, നൃത്തസംഗീത സ്ഥലങ്ങളിൽ, ചൂതാട്ടകേന്ദ്രങ്ങളിൽ അവരുടെ വിലപ്പെട്ട സമയം നഷ്ടപ്പെടുത്തിക്കൊണ്ടിരിക്കുന്നു. അവരുടെ പ്രവർത്തനങ്ങളുടെ ഗൗരവത്തെപ്പറ്റി ഈ ആളുകൾ ബോധവാന്മാരാണോ ?** അന്തിമവിധിയ്ക്കായി ഒരു നാൾ അവർ വിളിക്കപ്പെടും എന്നവർക്കറിയില്ലേ ? അന്ന് അവിടെ ചോദിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരം പറയേണ്ടി വരും. നിങ്ങളുടെ യുവത്വം നിങ്ങൾ എങ്ങനെ ചെലവഴിച്ചു ? നിങ്ങളുടെ അറിവ് നിങ്ങൾ എന്തിനു വേണ്ടി ഉപയോഗിച്ചു ? നിങ്ങൾ എവിടെ നിന്നാണ് ധനം സമ്പാദിച്ചത് ? നിങ്ങൾ എന്തിനുവേണ്ടിയാണ് ധനം ചെലവഴിച്ചത് ? ഒടുവിൽ, നിങ്ങളുടെ ശരീരം നിങ്ങൾ എങ്ങനെയാണ് ഉപയോഗിച്ചത് ? അപ്പോൾ നിങ്ങളുടെ ഉത്തരങ്ങൾ എന്തായിരിക്കും. അതുകൊണ്ട് നാം എല്ലാവരും ഒരുമിച്ച് ചിന്തിക്കണം. **"മനുഷ്യൻ ഇവിടെ ഭൂമിയിൽ ഏതാനും ദിവസങ്ങൾക്കു വേണ്ടി മാത്രമുള്ളതാണ്. ഒരു ദിവസം ജീവിതത്തിൽ കടന്നു പോകുമ്പോൾ, നമ്മുടെ ഒരു ഭാഗംകൂടി കടന്നു പോയിരിക്കുന്നു. "**

ഒടുവിൽ, ഇസ്ലാമും പരിതസ്ഥിതി സംരക്ഷണവും എന്ന വിഷയത്തെപ്പറ്റി ഏതാനും വാക്കുകൾകൂടി പറയട്ടെ. ശുചിത്വത്തിന് രണ്ടാം സ്ഥാനം നൽകേണ്ട വിഷയമല്ല. ശുചിത്വത്തിന് ഇസ്ലാം വളരെ വലിയ പ്രാധാന്യമാണ് കൽപ്പിച്ചിട്ടുള്ളത്, അത് നമ്മുടെ വിശ്വാസത്തിന്റെ അവിഭാജ്യ ഘടകമാണ്. പ്രവാചകൻ (സ) പറഞ്ഞു.**" ശുചിത്വം വിശ്വാസത്തിന്റെ പകുതിയാകുന്നു."** (മുസ്ലീം) വിശുദ്ധ ഖുർആനിൽ പറയുന്നു.**" നിങ്ങൾക്ക് ഒരു വിധത്തിലുള്ള ബുദ്ധിമുട്ടും ഉണ്ടാക്കണമെന്ന് അല്ലാഹു ഉദ്ദേശിക്കുന്നില്ല. എന്നാൽ, നിങ്ങളെ**

**ശുദ്ധീകരിക്കുന്നതിനും നിങ്ങൾക്ക് അവന്റെ അനുഗ്രഹം പൂർത്തീകരിച്ചു തരുന്നതിനുമാണ് അല്ലാഹു ഉദ്ദേശിക്കുന്നത്. അങ്ങനെ നിങ്ങൾ നന്ദിയുള്ളവരായേക്കാം.''** (5:7) വീണ്ടും പറയുന്നു. ''നിശ്ചയമായും അല്ലാഹു പശ്ചാത്തപിക്കുന്നവരെ സ്നേഹിക്കുന്നു. (ബാഹ്യവും ആന്തരികവുമായ) പരിശുദ്ധി കൈവരിക്കുന്നവരെയും അവൻ സ്നേഹിക്കുന്നു.'' **(2:223) ശുചിത്വം ശരീരത്തിൽ മാത്രമല്ല, നമ്മുടെ പരിതഃസ്ഥിതിയിലും അതുണ്ടാകണം. പ്രവാചകൻ (സ) നമ്മോട് ആഹ്വാനം ചെയ്യുന്നു. '' നിങ്ങളുടെ വീടിന്റെ മുൻഭാഗം വൃത്തിയായി സൂക്ഷിക്കുക, സഞ്ചരിക്കുന്നവർക്ക് ബുദ്ധമുട്ടില്ലാതിരിക്കാൻ''** ഒരാളിന്റെ അകത്തളങ്ങൾ നല്ല നിലയിൽ സംരക്ഷിക്കേണ്ടതിന്റെ പ്രാധാന്യം എത്രത്തോളമുണ്ട് എന്ന് നാം മനസ്സിലാക്കി കഴിഞ്ഞു; മാത്രമല്ല നാം ജീവിക്കുന്ന പരിതഃസ്ഥിതിയെ ആദരിക്കേണ്ടതിന്റെ പ്രാധാന്യവും മനസ്സിലാക്കുന്നു. അതായത് നമ്മുടെ അയൽപക്കം, നമ്മുടെ നഗരം, സർവ്വോപരി പ്രകൃതി. നമ്മുടെ പ്രിയ പ്രവാചകൻ (സ) ന്റെ ഒരു കൽപനയാണിത്! ആയതിനാൽ മുസ്ലീങ്ങൾ എന്ന നിലയിൽ, നാം ഈ നിർദ്ദേശത്തെ അനുസരിക്കുക തന്നെ ചെയ്യണം. ! നമ്മുടെ മേൽ അല്ലാഹുവിന്റെ കോപം ഇറങ്ങാതിരിക്കണമെങ്കിൽ ! അതുപോലെ നാം മറന്നു പോകരുത്, നമ്മുടെ പെരുമാറ്റം ഇസ്ലാമിന്റെ പ്രതിഫലനമാകുന്നുവെന്ന് ! നമ്മുടെ പെരുമാറ്റത്തിലൂടെയാണ് നമ്മുടെ മതത്തെ മറ്റുള്ളവർ വിലയിരുത്തുന്നത്. വീടു നന്നായി സൂക്ഷിക്കുന്നത്, സമയം നഷ്ടപ്പെടുത്തുന്ന കാര്യമാണെന്നും, അല്ലാഹുവിന്റെ കണ്ണുകളിൽ ഇത് തികച്ചും അപ്രധാനമായ കാര്യമാണെന്നും വിശ്വസിക്കുന്ന ചിലരുണ്ട്. എന്നാൽ അങ്ങനെയല്ലായെന്ന് നാം മനസ്സിലാക്കി കഴിഞ്ഞു. മനുഷ്യനും ഇതര ജീവികൾക്കും പരിതസ്ഥിതി വളരെ പ്രധാനപ്പെട്ട ഒരു ഘടകമാണ്. അല്ലാഹു (ത) പറയുന്നു. **''ഭൂമിയിൽ നിന്ന് നിങ്ങളെ എഴുന്നേൽപ്പിച്ചതും അതിൽ നിങ്ങളെ അധിവസിപ്പിച്ചതും അവനാണ്'' (11:62)** അല്ലാഹു (ത) യാണ് ആകാശ ഭൂമികളെ സൃഷ്ടിച്ചത്, അതുകൊണ്ട് അത് സ്വമേധയാ പ്രവർത്തിക്കുന്നു, മനുഷ്യ ജീവിതം എളുപ്പമുള്ളതാകാൻ ! അവൻ പറയുന്നു.'' **നിങ്ങൾക്കു വേണ്ടി ഭൂമിയെ ഒരു വിരിപ്പും, ആകാശത്തെ മേൽത്തട്ടുമാക്കുകയും മേഘത്തിൽ നിന്ന് ജലം വർഷിപ്പിച്ച് അത് മുഖേന നിങ്ങൾക്ക് ഫലവർഗങ്ങളിൽ നിന്നുമുള്ള ആഹാരത്തെ ഉല്പാദിപ്പിച്ചു തരുകയും ചെയ്തവനാണവൻ. അതിനാൽ നിങ്ങൾ അറിഞ്ഞുകൊണ്ട് അല്ലാഹുവിന് സമൻമാരെ സങ്കൽപ്പിക്കരുത്''** (2:23) പ്രവാചകൻ (സ) ഖണ്ടിതമായി പറഞ്ഞു. **'' തെരുവുകൾ ശുചിയായി സൂക്ഷിക്കുക, വഴിക്ക് തടസ്സം സൃഷ്ടിക്കുന്ന കല്ലുകളും അവശിഷ്ടങ്ങളും നീക്കം ചെയ്യുക''** വഴികൾ ഇവകൊണ്ട് നിറയപ്പെടുമ്പോഴെല്ലാം, അദ്ദേഹം അവ നീക്കം ചെയ്യുമായിരുന്നു. അദ്ദേഹം പറഞ്ഞു. **''റോഡിൽ നിന്നും ഉപദ്രവം ഉണ്ടാക്കുന്ന ഒരു വസ്തു നീക്കം ചെയ്താൽ, നിങ്ങൾക്ക് ദാനം ചെയ്ത പ്രതിഫലമാണ് ലഭിക്കുന്നത്''** (ബുഖാരി) മനുഷ്യന് ഉപയോഗിക്കേണ്ട ജലം തെളിഞ്ഞതും ശുദ്ധിയുള്ളതുമായി സൂക്ഷിക്കുവാൻ അദ്ദേഹം പ്രത്യേകം താൽപര്യമെടുത്തിരുന്നു. ഉദാഹരണത്തിന്, ജലാശയത്തിൽ എന്തെങ്കിലും വലിച്ചെറിയുന്നത് അദ്ദേഹം വിലക്കിയിരുന്നു. അശുദ്ധമാകാൻ സാധ്യതയില്ലാത്ത നിലയിൽ ജലം ഉപയോഗിക്കുവാൻ നിർദ്ദേശിച്ചിരുന്നു. ഇസ്ലാം പരിതസ്ഥിതിയെ സംരക്ഷിച്ചിട്ടുണ്ട്. അതിനെ കളങ്കപ്പെടുത്തുവാൻ ആരെയും, വിശിഷ്യാ വിശ്വാസിയെ അനുവദിച്ചിട്ടില്ല. പരിതസ്ഥിതിയെ സംരക്ഷിക്കുവാൻ ഇസ്ലാം കൽപന പുറപ്പെടുവിക്കുകയാണ് ചെയ്തിട്ടുള്ളത്. പ്രവാചകൻ (സ) പറഞ്ഞു. **'' ഒരു മുസ്ലീം ഒരു വൃക്ഷം നട്ടുപിടിപ്പിച്ചു, അഥവാ ഭൂമിയിൽ കൃഷി ചെയ്തു. എന്നിട്ട് ഒരു പക്ഷിയോ, ഒരു മനുഷ്യനോ, ഒരു വന്യജീവിയോ അവയിൽ നിന്ന് ഭക്ഷിച്ചു. അപ്പോൾ അവൻ അത് ദാനം ചെയ്തതായി കണക്കാക്കുന്നതാണ്'' (ബുഖാരി മുസ്ലീം)**

ഇന്ന്, നാം ചിലപ്പോഴൊക്കെ മറന്നു പോകുന്നു, മുസ്ലീം എന്ന നിലയിൽ ദിവസവുമുള്ള പ്രാർത്ഥനയിൽ മാത്രം നമ്മെ പരിമിതപ്പെടുത്തിയിട്ടില്ല എന്ന യാഥാർത്ഥ്യം! നമ്മുടെ ജീവിതത്തിലെ ഭാഗമായി മറ്റനേകം കാര്യങ്ങൾ ഇസ്ലാം വിഭാവന ചെയ്തിരിക്കുന്നു. വാസ്തവത്തിൽ എത്ര മുസ്ലീങ്ങളാണ് മലിനീകരണം തടയുന്നതിനും പരിതഃസ്ഥിതിയെ സംരക്ഷിക്കുന്നതിനുമുള്ള ഉത്തരവാദിത്വത്തിൽ ഏർപ്പെട്ടിരിക്കുന്നത് ? മറ്റുള്ളവരാണ് ഇന്ന്, തികച്ചും ഈ, ഇസ്ലാമിക രംഗത്ത് പ്രവർത്തിക്കുന്നത് ! എല്ലാ അർത്ഥത്തിലും ശുചിത്വത്തിന്റെ വമ്പിച്ച പ്രാധാന്യത്തെക്കുറിച്ച് നാം ഇപ്പോഴും സംശയത്തിലാണെങ്കിൽ, മുസ്ലീങ്ങൾ അല്ലാത്തവർ ഇതിന്റെ പ്രാധാന്യം നമ്മളെക്കാൾ കൂടുതൽ എങ്ങനെയാണ് അംഗീകരിച്ചത് ? ഈ ദിശയിൽ ഇസ്ലാം നമ്മെ അനുശാസിക്കുമ്പോൾ, ഈ രംഗത്ത് 1000 മടങ്ങ് കൂടുതൽ ശ്രദ്ധാലുക്കളാകേണ്ടവരാണ് നാം. അവർക്ക് അവരുടെ രക്ഷിതാവിൽ നിന്ന് പ്രത്യേകിച്ച് കൽപനകൾ ഒന്നും ലഭിച്ചിട്ടില്ല, എന്നിട്ടും അവരത് നടപ്പിലാക്കുന്നു. അല്ലാഹു (ത) ഈ പ്രപഞ്ചത്തെ സൃഷ്ടിച്ചിട്ടുണ്ടെങ്കിൽ, അതിനെ അതി മനോഹരമായി രൂപ കൽപന ചെയ്തിട്ടുണ്ടെങ്കിൽ ഈ സൗന്ദര്യത്തെ മാനിക്കേണ്ടത് മനുഷ്യന്റെ കടമയാണ്, അത് പരിതസ്ഥിതി ശുചീകരണത്തിലൂടെയും, മലിനീകരണത്തിനെതിരിലുള്ള പോരാട്ടത്തിലൂടെയുമാകുന്നു. നമ്മെ എല്ലാവരെയും ഈ ശുചീകരണ രംഗത്ത് സ്വയം പ്രയോഗവൽക്കരിക്കുന്നവരാക്കുകയും, തദ്വാര അവനെ സന്തോഷിപ്പിക്കുന്നവരാക്കുകയും ചെയ്യട്ടെ ! നാം സ്വയം ശുദ്ധിയുള്ളവരായി മാറുക, നമ്മുടെ പരിതസ്ഥിതിയേയും ശുദ്ധിയുള്ളതാക്കി മാറ്റുക. തദ്വാരാ മനുഷ്യ സമുദായത്തിന് മൊത്തത്തിൽ ഉത്തമമാതൃകയായി തീരുക. ഇൻശാ അല്ലാഹ്! ആമീൻ.


Translated & Issued By

**R. Jamaludin Raother**
**Amir**
Jamaat-Ul-Sahih-Al-Islam, Kerala South zone
*Ph: 9447001832 / 0475 2220223 / 8547299180*
*email : jamal.raother@gmail.com*
*www.jamaat-Ul-Sahih-Al-Islam.com*